LIBRARY ARCHIVES Kerala Legislative Assembly

ബേബി ജോൺ മെമ്മോറിയൽ വനിതാ ഐ.ടി.ഐ.

262 (927) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെസ്റ്റ് എളേരിയിൽ പ്രവർത്തിക്കുന്ന ബേബി ജോൺ മെമ്മോറിയൽ വനിതാ ഐ.ടി.ഐ.-യിലെ അദ്ധ്യാപകക്ഷാമം ഉൾപ്പെടെയുള്ള പോരായ്മകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; പ്രസ്തുത പോരായ്മകൾ എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വെസ്റ്റ് എളേരി (വനിത) ഐ.ടി.ഐ.-യിൽ മൂന്ന് ട്രേഡുകളാണ് നിലവിലുള്ളത്. D/Civil, Fashion Technology, DTPO ഇവയിൽ രണ്ട് യൂണിറ്റ് വീതമാണുള്ളത്. ഇതിൽ ഡി/സിവിൽ ട്രേഡിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നു. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്നമുറയ്ക്കുതന്നെ നിയമനം നടത്തുന്നതാണ്. DTPO, ഫാഷൻ ടെക്നോളജി എന്നീ ട്രേഡുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ ഗസ്റ്റ്/എംപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ.

263 (928) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് 1684/സി.3/14 എന്ന നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ആയതിന്മേൽ റിപ്പോർട്ട് ടെയിനിംഗ് ഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.